ത്രീയേക ദൈവത്തിനു സ്തുതി

# മാർ ഗ്രീഗോറിയോസ് മൂവ്മെന്റ്, കുവൈറ്റ്

## വാർഷിക റിപ്പോർട്ട് 2024-25

ക്രിസ്തു ശിഷ്യനും, അപ്പോസ്തോലനുമായ, മാർത്തോമാ ശ്ലീഹായുടെ പുണ്യപാദ സ്പർശനങ്ങളാൽ പരിപാവനമായ ഭാരത മണ്ണിൽ വേരൂന്നി വളർന്ന AD-52-ൽ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല കൊച്ചു തിരുമേനിയുടെ നാമധേയത്തിൽ കൽക്കട്ട ഭദ്രാസനത്തിനു കീഴിൽ കുവൈറ്റിൽ സ്ഥാപിതമായ സെൻറ്. ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന ആത്മീയ ജീവകാരുണ്യ പ്രസ്ഥാനമായ മാർ ഗ്രീഗോറിയോസ് മൂവ്മെന്റിന്റെ 2024-25 വർഷത്തെ വാർഷിക റിപ്പോർട്ട്.

“യാക്കോബിന്റെ ദൈവം സഹായമായി തന്റെ ദൈവമായ യഹോവയിൽ പ്രത്യാശയുള്ളവൻ ഭാഗ്യവാൻ. അവൻ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കി; അവൻ എന്നേക്കും വിശ്വസ്തത കാക്കുന്നു.” (സങ്കീർത്തനങ്ങൾ 146: 5, 6)

സർവ്വശക്തനും കാരുണ്യവാനുമായ ത്രീയേക ദൈവത്തിന്റെ അനുഗ്രഹങ്ങളും കൃപകളും നന്ദിപൂർവം സ്മരിച്ചുകൊണ്ട്, പരി. പരുമല കൊച്ചു തിരുമേനിയുടെ അനുഗ്രഹം സദാവർഷിക്കുന്ന മാർ ഗ്രീഗോറിയോസ് മൂവ്മെന്റിന്റെ 2024-25 വർഷത്തെ പ്രവർത്തന റിപ്പോർട്ട് പൊതുയോഗ മുമ്പാകെ സദയം സമർപ്പിച്ചുകൊള്ളുന്നു.

2025 മാർച്ച് മാസം 31 വരെയുള്ള രേഖകൾ പ്രകാരം എംജിഎം പ്രസ്ഥാനത്തിന്റെ കുവൈറ്റിൽ ഉള്ള അംഗങ്ങളുടെ എണ്ണം 234 ആണ്.

### എംജിഎം ഭരണസമിതി

2024 April 3-)o തീയതി അബ്ബാസിയ Hi-Dine ഓഡിറ്റോറിയത്തിൽ വെച്ച് ഇടവക വികാരിയും പ്രസ്ഥാനത്തിന്റെ പ്രെസിഡന്റുമായ ബഹു. ബിജു ജോർജ് പാറക്കൽ അച്ചന്റെ മഹനീയ അധ്യക്ഷതയിൽ കൂടിയ പ്രസ്ഥാനത്തിന്റെ തിരഞ്ഞെടുപ്പ് പൊതുയോഗത്തിൽ വെച്ച് 2024-25 പ്രവർത്തന വർഷത്തേക്കുള്ള ഭരണ സമിതിയെ തിരഞ്ഞെടുത്തു.

2024-25 പ്രവർത്തന വർഷത്തെ ഭരണ സമിതി അംഗങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

| MANAGING COMMITTEE 2024 - 2025 | | |
|---|---|---|
| **SL. NO.** | **DESIGNATION** | **NAME** |
| 1. | President | Rev. Fr. Dr. Biju George Parackal |
| 2. | Vice President | Mr. Reji Chandy Mathews |
| 3. | Secretary | Mrs. Asha Ebey |
| 4. | Trustee | Mr. Blessen Scaria Mammen |
| 5. | Joint Secretary | Mr. Saju Cherian |
| 6. | Cultural Secretary | Mr. Mathew Zachariah |
| 7. | Fellowship Coordinator | Mr. Joji P John |
| 8. | Ex-Officio | Mr. Biju Daniel |
| 9. | Auditors | Mr. John P Abraham |
| 10. | | Mr. Santhosh K Mathew |
| **NOMINATED COMMITTEE MEMBERS** | | |
| 11. | St. Dionysius, St. Johns, St. Andrews, St. James, St. Peters & St. Stephens | Mr. Thomas Chacko |
| 12. | St. Joseph & St. Marys | Mr. Donny Varghese Oommen |
| 13. | St. George, St. Jude, St. Mathews & St. Kuriakose | Mr. Mathew Thomas |
| 14. | St. Aprem, St. Pauls & St. Mark | Mr. Shibu Jacob Chacko |
| 15. | St. Thomas, St. Gregorios & St. Luke | Mr. Alexander George K |
| 16. | St. Ignatius, St. Philipose, St. Elias & St. Behanan | Mr. Ninan Thomas |
| **COMMITTEE MEMBERS** | | |
| 17. | St. Dionysius & St. Andrews | Mr. Thomas Joy |
| 18. | St. James & St. Johns | Mr. Sam Kunjoonju |
| 19. | St. Peters & St. Stephens | Mr. Jacob V Varghese |
| 20. | St. Joseph & St. Marys | Mr. Naveen Thomas Kurien |
| 21. | St. George & St. Jude | Mr. Tijo Varughese |
| 22. | St. Mathews & St. Kuriakose | Mr. Philips Thomas |
| 23. | St. Pauls | Mr. Subin Philip |
| 24. | St. Aprem & St. Mark | Mr. Thomas Daniel |
| 25. | St. Thomas | Mr. Jiju P.Simon |
| 26. | St. Gregorios & St. Luke | Mr. Nobi Oommen |
| 27. | St. Behanans & St. Elias | Mr. Georgy Issac |
| 28. | St. Ignatius & St. Philipose | Mr. Abraham John |
| 29. | Lady Representatives | Mrs. Shiney Joji |
| | | Mrs. Rosly John |
| | | Mrs. Sneha Suraj |
| 30. | Web Master | Mr. Jobi John |
| 31. | Choir Master | Mr. Suresh Elias Thomas |

## പൊതുയോഗം

പ്രസ്ഥാനത്തിന്റെ വിവിധ കർമ്മ പദ്ധതികളെ കുറിച്ച് ആലോചിക്കുവാനും ഉചിതമായ തീരുമാനങ്ങൾ കൈകൊള്ളുവാനും പ്രസ്ഥാനത്തിന്റെ സുഗമമായ നടത്തിപ്പിനുമായി നടപ്പു വർഷം 3 പൊതുയോഗങ്ങളും ഒരു special പൊതുയോഗവും കൂടുകയുണ്ടായി.

## മാനേജിങ് കമ്മിറ്റി യോഗങ്ങൾ

എംജിഎം പ്രസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുവാൻ വേണ്ടിയും എംജിഎം പൊതുയോഗത്തിന്റെ നിർദേശങ്ങൾ നടപ്പിലാക്കുവാൻ വേണ്ടിയും നടപ്പുവർഷം 17 തവണ മാനേജിങ് കമ്മിറ്റി കൂടുകയും കാര്യക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

## പ്രാർത്ഥനയോഗങ്ങൾ

എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ച വൈകിട്ട് 7.00 മണിക്ക് എംജിഎം കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് ഇടവക വികാരിയുടെ നേത്രുത്വത്തിൽ പ്രാർത്ഥനയോഗങ്ങൾ ക്രമീകരിക്കുവാനാണ് തീരുമാനിച്ചിരുന്നത്. നിർഭാഗ്യവശാൽ കുവൈറ്റിലെ പ്രത്യേക സാഹചര്യത്തിൽ പ്രയർ മീറ്റിംഗുകൾക്കുള്ള venue ലഭിക്കാതിരുന്നതിനാൽ 4 പ്രയർ മീറ്റിംഗുകൾ മാത്രമേ നടത്തുവാൻ സാധിച്ചുള്ളൂ.
പ്രാർത്ഥനയോഗങ്ങളിൽ ജന്മദിനം, വിവാഹ വാർഷികം എന്നിവ ആചരിച്ച അംഗങ്ങൾക്ക് വേണ്ടിയും രോഗത്താൽ ബുദ്ധിമുട്ടുന്നവർക്കു വേണ്ടിയും പ്രത്യേക പ്രാർത്ഥന നടത്തി വരുന്നു. കൂടാതെ അംഗങ്ങളുടെയോ, അവരുടെ ബന്ധുമിത്രാദികളുടെയോ ദേഹവിയോഗത്തിൽ പ്രസ്ഥാനത്തിന്റെ അനുശോചനം അറിയിക്കുകയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയുന്നു.
പ്രാർത്ഥനായോഗങ്ങൾ ഏകോപിപ്പിച്ച ഫെല്ലോഷിപ്പ് കോഓർഡിനേറ്റർ ശ്രീ. ജോജി P ജോണിനോടും, വളരെ മനോഹരമായി ഗാനങ്ങൾ ആലപിച്ച എംജിഎം മെലഡിസിനോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

## സാദിക്കോ കൺവെൻഷൻ

കുവൈറ്റ് സെൻറ്. ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ പെരുന്നാളിനോടും ഇടവകയുടെയും പ്രസ്ഥാനത്തിന്റെയും കാവൽ പിതാവായ പരി. പരുമല കൊച്ചു തിരുമേനിയുടെ 122-)o ഓർമ പെരുന്നാളിനോടും അനുബന്ധിച്ചു മൂന്ന് ദിവസത്തെ കൺവെൻഷൻ നവംബർ 2, 3, 4 തീയതികളിൽ നടത്താനാണ് തീരുമാനിച്ചിരുന്നത്. കുവൈറ്റിലെ പ്രത്യേക സാഹചര്യത്തിൽ ചാപ്പലുകൾ അടച്ചിരുന്നതിനാൽ NECK യിൽ വച്ച് നവംബർ 2, 3 തീയതികളിൽ ഈ കൺവെൻഷൻ വളരെ അനുഗ്രഹ പ്രദമായി നടത്തപ്പെട്ടു. കുവൈറ്റിലെ സഹോദരി ഇടവകകളായ സെൻറ്. ബേസിൽ ഇൻഡ്യൻ ഓർത്തഡോക്സ് ഇടവക വികാരി Rev. Fr. Aju K Varghese

ഒന്നാമത്തെ ദിവസവും, സെൻറ്. സ്റ്റീഫൻസ് ഇൻഡ്യൻ ഓർത്തഡോക്സ് ഇടവക വികാരി Rev. Fr. Jeffin Varghese രണ്ടാമത്തെ ദിവസവും വചന ശുശ്രൂഷ നിർവ്വഹിച്ചു.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി ഫെല്ലോഷിപ്പ് കോഓർഡിനേറ്റർ ശ്രീ ജോജി P ജോണിനോടൊപ്പം പ്രവർത്തിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

## പരുമല പെരുന്നാളും കുടുംബ സംഗമവും

ഇടവകയുടെയും പ്രസ്ഥാനത്തിന്റെയും കാവൽ പിതാവായ പരി. പരുമല തിരുമേനിയുടെ ഓർമ്മ പെരുന്നാളും, പ്രസ്ഥാനത്തിന്റെ കുടുംബ സംഗമവും 2024 നവംബർ 5-)ം തീയതി വി. കുർബ്ബാനക്ക് ശേഷം NECK-യിൽ വെച്ച് നടത്തപ്പെട്ടു. ബഹു. ഇടവക വികാരി അധ്യക്ഷത വഹിച്ച കുടുംബ സംഗമത്തിൽ മലബാർ ഭദ്രാസനാധിപൻ അഭി. ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപോലിത്ത അനുഗ്രഹ പ്രഭാഷണവും, പരി. പരുമല തിരുമേനിയോടുള്ള മധ്യസ്ഥ പ്രാർത്ഥനയും നടത്തുകയുണ്ടായി. കുടുംബ സംഗമത്തിൽ വെച്ച് 2023-24 അധ്യയനവർഷത്തിൽ 10,12 ക്ലാസ്സുകളിൽ ബോർഡ് exam എഴുതി വിജയിച്ച എംജിഎം പ്രസ്ഥാനത്തിലെ 20 കുഞ്ഞുങ്ങളെ അനുമോദിച്ചുകൊണ്ടു പൂച്ചെണ്ടും മനോഹരമായ folder ൽ സർട്ടിഫിക്കറ്റും നൽകുകയുണ്ടായി. അന്നേ ദിവസം വി. കുർബ്ബാനക്ക് ശേഷം നേർച്ച നൽകുകയും, കുടുംബ സംഗമത്തിന് ശേഷം സ്നേഹ വിരുന്നും നടത്തുകയുണ്ടായി.

10, 12 ക്ലാസ്സുകളിൽ വിജയിച്ച കുഞ്ഞുങ്ങളുടെ വിവരങ്ങൾ:

| Sl. No. | Name of Student | Class | Name of Parents | MGM ID | Prayer Group |
|---|---|---|---|---|---|
| 1. | Abraham Jacob Samuel | 10 | Mr. Samuel C Kattoorkaleeckal<br>Mrs. Stella Shaji | 154/S013 | St. Peters |
| 2. | Achsa Acca Gibi | 10 | Mr. Gibi. K. George<br>Mrs. Jolly Oommen | 490/G024 | St. James |
| 3. | Angela Ann Mathew | 10 | Mrs. Anitha Shaji Mathew | 410/A038 | St. Pauls |
| 4. | Angelina Liz Thomas | 10 | Mr. Thomas Mathew Kochaippa<br>Mrs. Sherly Susan Thomas | 251/T021 | St. Dionysius |
| 5. | Basil Mathew | 10 | Mr. Mathew Varghese K. G.<br>Mrs. Annamma John | 423/M047 | St. Aprem |
| 6. | Chris Thomas Abraham | 10 | Mr. Abey Thomas<br>Mrs. Jiji Susan Thomas | 334/A031 | St. Pauls |
| 7. | Christina Ann Pinto | 12 | Mr. Pinto Thankachen Kavinal<br>Mrs. Anu Ninan | 376/P013 | St. Joseph |
| 8. | Danah Rachel Sudheer | 10 | Mr. Sudheer Mathew Kurian<br>Mrs. Susy Sudheer | 188/S019 | St. Gregorios |
| 9. | Daniel John Varghese | 12 | Mr. Seby Varghese<br>Mrs. Elezy Murphy Philip | 335/S049 | St. Joseph |

| | | | | | |
|---|---|---|---|---|---|
| 10. | Elvin Tom Varughese | 10 | Mr. Thomas Varghese V<br>Mrs. Jini Mathew | 244/T020 | St. James |
| 11. | Ivin Varughese Rajesh | 12 | Mr. Rajesh P Varughese<br>Mrs. Siny Rajesh | 270/R015 | St. Gregorios |
| 12. | Limisha Mariyam Shaji | 10 | Mr. Shaji George<br>Mrs. Annamma Shaji | 380/S053 | St. Thomas |
| 13. | Melvin Sony Idiculla | 10 | Mr. Sony Idiculla<br>Mrs. Sara Sony Idiculla | 282/S039 | St. Dionysius |
| 14. | Nayan Elsa Maybu | 12 | Mr. Maybu Mathew<br>Mrs. Liza Mathew | 263/M033 | St. Mark |
| 15. | Nelita Rose Maybu | 10 | Mr. Maybu Mathew<br>Mrs. Liza Mathew | 263/M033 | St. Mark |
| 16. | Nitha Achu Saju | 10 | Mr. Saju Cherian<br>Mrs. Bindu Saju | 234/S028 | St. Thomas |
| 17. | Reuben Mathew Thomas | 10 | Mr. Thomas Joy<br>Mrs. Mariam Mathew | 472/T031 | St. Andrews |
| 18. | Roshan Jeemon Chandy | 10 | Mr. Jeemon C Thomas<br>Mrs. Bindhu M John | 511/J082 | St. Dionysius |
| 19. | Sandra Susan Suraj Varghese | 12 | Mr. Suraj Raju Varghese<br>Mrs. Sneha Suraj Varghese | 432/S064 | St. Joseph |
| 20. | Shaleen Mariyam Kurien | 10 | Mr. K. O. Kurien<br>Mrs. Shiney T Abraham | 395/K011 | St. Dionysius |

MGM കുടുംബ സംഗമത്തിന്റെ വിജയത്തിനായി cultural secretary ശ്രീ മാത്യു സഖറിയയോടൊപ്പം പ്രവർത്തിച്ച എവരോടുമുള്ള നന്ദി അറിയിക്കുന്നു.

ഇടവക പെരുന്നാളിനോടനുബന്ധിച്ചു നവംബർ 8-)ം തീയതി NECK-യിൽ എല്ലാ വർഷവും നൽകി വരുന്നതു പോലെ നെയ്യപ്പം നേർച്ചയായും അതിനോടൊപ്പം ഇദംപ്രഥമായി അപ്പവും ചിക്കൻ കറിയും പ്രഭാത ഭക്ഷണമായി നൽകാൻ സാധിച്ചുവെന്നത് MGMന് അഭിമാനിക്കാവുന്ന കാര്യമാണ്. നവംബർ 9-)ം തീയതി നെയ്യപ്പം നേർച്ചയായി നൽകുകയുണ്ടായി. ഇതിലേക്കായി നേർച്ച കാഴ്ചകൾ നൽകി സഹകരിച്ച എല്ലാ എംജിഎം അംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും ഈ തരുണത്തിൽ അറിയിക്കുന്നതിനോടൊപ്പം പരി. പരുമല തിരുമേനിയുടെ മധ്യസ്ഥത എല്ലാവർക്കും കാവലും കോട്ടയും ആയി തീരട്ടെ എന്ന് ആശംസിക്കുന്നു. ചിക്കൻ കറി പാചകം ചെയ്യുന്നതിനു നേതൃത്വം നൽകിയ ശ്രീ. തോമസ് ഡാനിയേലിനോടു കൂടെ പ്രവർത്തിച്ച എല്ലാവരോടുമുള്ള പ്രത്യേക നന്ദി അറിയിക്കുന്നതിനോടൊപ്പം നേർച്ച, അപ്പം, കറി എന്നിവയുടെ പാക്കിങ്, transportation and distribution എന്നിവക്ക് സഹകരിച്ച എല്ലാ കമ്മറ്റി അംഗങ്ങളോടും MGM അംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു.

## ഇടവക ഹാർവെസ്റ് ഫെസ്റ്റിവൽ

ഇടവകയുടെ ഹാർവെസ്റ് ഫെസ്റ്റിവലിനോട് അനുബന്ധിച്ചു മുൻ പതിവ് പോലെ Early Bird Winner നറുക്കെടുപ്പിനായി KD 75/- നൽകി. ഹാർവെസ്റ് ഫെസ്റ്റിവലിന്റെ മാറ്റ് കൂട്ടുന്നതിനും പരിപാടിയിൽ എംജിഎം പ്രസ്ഥാനത്തിന്റെ സാന്നിധ്യം അറിയിക്കുന്നതിനായി പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതത്തെ ആസ്പദമാക്കി MGM അംഗങ്ങൾ മനോഹരമായ ഒരു നാടൻപാട്ട് ആലപിച്ചു. ഈ നാടൻപാട്ടിന്റെ രചനയും സംഗീതവും നിർവഹിച്ച ശ്രീമതി Minimol Sam, orchestration ചെയ്ത ശ്രീ Blessen Scaria Mammen, നേതൃത്വം നൽകിയ cultural secretary ശ്രീ മാത്യു സഖറിയ, നാടൻ പാട്ടിൽ പങ്കെടുത്ത എംജിഎം കമ്മിറ്റി അംഗങ്ങൾ, പ്രസ്ഥാന അംഗങ്ങൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

## MGM Night Out Picnic

Night Out Picnic, November 28, 29 തീയതികളിൽ Kabd ൽ വച്ച് വളരെയധികം ഭംഗിയായി നടത്തപ്പെടുകയുണ്ടായി. ഈ പിക്നിക്കിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയ എംജിഎം കൾച്ചറൽ സെക്രട്ടറി, ശ്രീ. മാത്യു സഖറിയായോടും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച എംജിഎം വൈസ് പ്രസിഡന്റ്, ശ്രീ. റെജി ചാണ്ടി മാത്യൂസ്, ട്രസ്റ്റി ശ്രീ.ബ്ലെസ്സൻ സ്കറിയ മാമൻ, ഫെലോഷിപ്പ് കോഡിനേറ്റർ ശ്രീ. ജോജി പി. ജോൺ, ശ്രീ. മാത്യു തോമസ്, ശ്രീ. ജിജു പി. സൈമൺ, ഫുഡ് കൺവീനർ, ശ്രീ. തോമസ് ദാനിയേൽ, ഒപ്പം പ്രവർത്തിച്ച ശ്രീ. ജോർജി ഐസക്, ശ്രീ. തോമസ് ജോയി, എന്നിവരോടുള്ള കൃതജ്ഞതയും അറിയിക്കുന്നു.

## Footprints 2024

MGM കുഞ്ഞുങ്ങൾക്കായി വർഷം തോറും നടത്തി വരുന്ന "FOOTPRINTS" എന്ന പരിപാടി November 29-)0 തീയതി പകൽ night out പിക്നിക്കിനോടൊപ്പമാണ് നടത്തിയത്. 'Our Identity in Christ' എന്ന വിഷയത്തെ ആസ്പദമാക്കി വളരെ പ്രയോജനപ്രദമായ ഒരു session Bharatiya Vidya Bhavan സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ആനന്ദ് വിക്ടർ നയിക്കുകയുണ്ടായി.

## ക്രിസ്തുമസ് കരോൾ

ക്രിസ്തുമസിന്റെ ദൂത് അറിയിച്ചുകൊണ്ട് പ്രസ്ഥാനത്തിന്റെ കരോൾ സംഘം 4 ഗ്രൂപ്പുകളായി എംജിഎം അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു. സാൽമിയ എരിയയിൽ നിന്നും അതിനു നേതൃത്വം നൽകിയ കൺവീനർ ശ്രീ ബാബു വര്ഗീസ്, ശ്രീ തോമസ് ജോയ്, അബ്ബാസിയ എരിയയിൽ നിന്നുള്ള കൺവീനർ ശ്രീ ജോർജി പി ഐസക്, ജോയിന്റ് കൺവീനർ ശ്രീ സുബിൻ ഫിലിപ്പ് എന്നിവരോടും അവരോടൊപ്പം ഭവന സന്ദർശനത്തിന് സഹകരിച്ച എല്ലാ കമ്മിറ്റി അംഗങ്ങളോടും എംജിഎം അംഗങ്ങളോടും നിസ്സീമമായ നന്ദി അറിയിക്കുന്നതോടൊപ്പം അവരെ സ്നേഹത്തോടെ ഭവനങ്ങളിൽ

സ്വീകരിച്ച എല്ലാ MGM കുടുംബങ്ങളോടുമുള്ള നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു. അതുപോലെ ഭക്ഷണം നൽകിയ ഭവനങ്ങളോടുമുള്ള നന്ദിയും അറിയിക്കുന്നു.

## ക്രിസ്തുമസ് പുതുവത്സര ആഘോഷം

2024-ലെ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ 2025 ജനുവരി 3-)o തീയതി വൈകിട്ട് NECK യിൽ വെച്ച് വളരെ ഗംഭീരമായി നടത്തപ്പെടുകയുണ്ടായി. ഇടവക വികാരി റവ. ഫാ. ഡോ. ബിജു ജോർജ് പാറക്കൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ മലങ്കര സഭയുടെ കൽക്കട്ട ഭദ്രാസന മെത്രാപോലിത്ത അഭി. അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനി ക്രിസ്തുമസ് ദൂത് നൽകി. എംജിഎം മെലഡീസും എംജിഎം കുടുംബാഗങ്ങളും അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ആഘോഷത്തിന്റെ മാറ്റുകൂട്ടി. അന്നേ ദിവസം സ്നേഹവിരുന്നും നടത്തപ്പെട്ടു.
പരിപാടികൾക്ക് ചുക്കാൻ പിടിച്ച General Convener ശ്രീ ജോബി ജോണിനോടും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ശ്രീ തോമസ് മാത്യുവിനോടൊമുള്ള അകൈതവമായ നന്ദി അറിയിക്കുന്നു. എല്ലാ കമ്മിറ്റി അംഗങ്ങളുടെയും കൂട്ടായ ഒരു പരിശ്രമം ഈ പ്രോഗ്രാം വിജയിക്കുന്നതിൽ മുഖ്യ കാരണമായെന്ന് രേഖപ്പെടുത്തുന്നതിൽ സന്തോഷമുണ്ട്. എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

## ഉപരിപഠനത്തിനു പോകുന്ന വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പ്

കുവൈറ്റിലെ വിദ്യാഭ്യാസം പൂർത്തിയാക്കി ഉപരി പഠനത്തിനായി നാട്ടിലേക്ക് മടങ്ങിയ എംജിഎം അംഗങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഹൃദ്യമായ യാത്രയയപ്പ് 2025 ജനുവരി 15-)o തീയതി അബ്ബാസിയ ഡെലീഷ്യ ഹാളിൽ വച്ച് നടത്തപ്പെട്ട പ്രാർത്ഥനയോഗത്തിനു ശേഷം നൽകുകയുണ്ടായി. 16 കുഞ്ഞുങ്ങൾക്ക് പ്രസ്ഥാനത്തിന്റെ സ്നേഹോപകരമായി Gold Cross നൽകി.
MGM പ്രസ്ഥാനത്തിന്റെ President Rev. Fr. Dr. Biju George Parackal അധ്യക്ഷത വഹിച്ച ഈ പരിപാടിയിൽ മഹാ ഇടവക Associate Vicar Rev. Fr. Mathew Thomas അനുഗ്രഹ പ്രദമായ ഒരു സന്ദേശം നൽകുകയുണ്ടായി. കുവൈറ്റിലുള്ള എല്ലാ മലയാളികളും ഒരു പോലെ സ്നേഹിക്കുന്ന NECK Secretary ശ്രീ Roy K Yohannan കുഞ്ഞുങ്ങൾക്ക് നല്ല ഒരു motivational message നൽകുകയുണ്ടായി. അച്ചന്മാരോടും ശ്രീ റോയി K യോഹന്നാനോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നതിനൊപ്പം ഉപരിപഠനത്തിനായി നാട്ടിലേക്ക് പോകുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രസ്ഥാനത്തിന്റെ എല്ലാവിധ ഭാവുകങ്ങൾ അറിയിക്കുകയും ചെയ്യുന്നു.
കൺവീനർ ശ്രീമതി സ്നേഹ സൂരജ്, സ്നേഹയോടൊപ്പം പ്രവർത്തിച്ച എല്ലാ കമ്മിറ്റി അംഗങ്ങളോടും  അന്നേ ദിവസം നല്ല ഗാനങ്ങൾ ആലപിച്ച എംജിഎം മെലഡീസിനോടും എല്ലാ എംജിഎം കുടുംബങ്ങളോടും ഉള്ള നന്ദിയും സ്നേഹവും അറിയിക്കുക്കുന്നു.

യാത്രയയപ്പു നൽകിയ കുഞ്ഞുങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| Sl. No. | Name of the Child | Name of the MGM Member | MGM ID | Prayer Group |
|---|---|---|---|---|
| 1 | Abimel Mathew | Mr. Mathew Zachariah | 302/M038 | St. Elias |
| 2 | Celine Anna Varghese | Mr. Praveen Philip Varghese | 248/P010 | St. Andrews |
| 3 | Diya Ann Chacko | Mr. Shibu Chacko | 448/S067 | St. Andrews |
| 4 | Evan Joseph Pynummoottil | Mr. Jose P Joseph | 228/J037 | St. Ignatius |
| 5 | Hellone Mathew | Mr. Mathew V. Thomas | 342/M040 | St. James |
| 6 | Jeffy Joby John | Mr. Joby John | 427/J067 | St. Jude |
| 7 | Jewel Rachel Georgy | Mr. Georgy Issac | 460/G023 | St. Elias |
| 8 | Joel Saji | Mr. Saji Cherian | 288/S040 | St.Thomas |
| 9 | Johann Jacob Thomas | Mr. Thomas Chacko | 153/T014 | St. Dionysius |
| 10 | Jordan Anoop | Mr. Anoop Thampi | 449/A042 | St. Pauls |
| 11 | Lavin Philips | Mr. Philips Thomas | 454/P015 | St. Kuriakose |
| 12 | Roshna Bindhu Jeemon | Mr. Jeemon Chandy Thomas | 511/J082 | St. Dionysius |
| 13 | Shawn Subin Philip | Mr. Subin Philip | 371/S051 | St. Pauls |
| 14 | Johan John Binson | Mr. Binson John | 374/B023 | St. Gregorios |
| 15 | Neha Susan Binson | Mr. Binson John | 374/B023 | St. Gregorios |
| 16 | Liya Ann John | Mr. John C Ittoop | 284/J046 | St. Elias |

**മൂന്ന് നോമ്പും, കൺവെൻഷനും**

പരിശുദ്ധ മൂന്ന് നോമ്പിനോടനുബന്ധിച്ചു വർഷംതോറും പ്രസ്ഥാനം നടത്തിവരുന്ന കൺവെൻഷൻ, "Metanoia '24 ", എന്ന പേരിൽ ഫെബ്രുവരി 9, 10 തീയതികളിൽ Lulu Exchange Hall, Abbasiya, ഫെബ്രുവരി 11-)0 തീയതി NECK (Church & Parish Hall) എന്നിവിടങ്ങളിൽ വച്ച് നടത്താൻ സാധിച്ചു. മലങ്കര സഭയിലെ അനുഗ്രഹീത സുവിശേഷ പ്രഭാഷകനും, അടൂർ തപോവൻ പബ്ലിക് സ്കൂൾ ആൻഡ് ജൂനിയർ കോളജ് സീനിയർ സെക്കൻഡറി വിങ് വൈസ് പ്രിൻസിപ്പലും കടമ്പനാട് ഭദ്രാസനത്തിലെ പറക്കോട് സെൻറ്. പീറ്റേഴ്സ് ആൻഡ് സെൻറ്. പോൾസ് ഓർത്തഡോക്സ് വലിയ പള്ളി വികാരിയുമായ റവ. ഫാ. ജെറിൻ ജോൺ കൺവെൻഷന് നേത്രത്വം നൽകി. 3 ദിവസങ്ങളായി നടത്തപ്പെട്ട വചന ശുശ്രൂഷ ഇടവക ജനങ്ങളുടെ ആത്മീയ ഉണർവ്വിനും അനുഗ്രഹത്തിന്നും ഉതകുന്നതായിരുന്നു. കൺവെൻഷന്റെ അവസാന ദിവസം വചന ശുശ്രൂഷയിൽ പങ്കെടുത്ത എല്ലാ ഇടവക ജനങ്ങൾക്കും നേർച്ചകഞ്ഞി വിതരണം ചെയ്യുകയുണ്ടായി.

വി. മൂന്ന് നോമ്പ് വിടലിനോട് അനുബന്ധിച്ചു ഫെബ്രുവരി 12-)o തീയതി വി. കുർബ്ബാനക്ക് ശേഷം NECK യിൽ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പാച്ചോർ നേർച്ച നൽകുകയുണ്ടായി.

പ്രസ്തുത കൺവെൻഷൻ വിജയപ്രദമാക്കി തീർക്കുവാൻ നേതൃത്വം നൽകിയ ഫെല്ലോഷിപ്പ് കോഓർഡിനേറ്റർ ശ്രീ ജോജി P ജോൺ, ഫുഡ് കൺവീനർ ശ്രീ. തോമസ് ഡാനിയേൽ, കമ്മിറ്റി അംഗങ്ങൾ, എംജിഎം മെലഡീസ്, കൺവെൻഷനുമായി സഹകരിച്ച എല്ലാവരോടുമുള്ള അകമഴിഞ്ഞ നന്ദി രേഖപെടുത്തുന്നു.

## MGM 40th Year Project

പരിശുദ്ധനായ പരുമല തിരുമേനിയുടെ നാമധേയത്തിൽ 1984 ൽ സ്ഥാപിതമായ നമ്മുടെ പ്രസ്ഥാനത്തിന്റെ നാല്പതാം വാർഷികത്തോടനുബന്ധിച്ച് ഒരു പ്രോജക്ട് നടപ്പിലാക്കാൻ സാധിച്ചുവെന്നത് വളരെ സന്തോഷത്തോടെ രേഖപ്പെടുത്തുന്നു. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് 2024-25 MGM മാനേജിങ് കമ്മിറ്റിയെയും closing ceremony നടത്തുന്നതിന് ശ്രീ. ജോബി ജോൺ ജനറൽ കൺവീനറായും ജോയിന്റ് കൺവീനേഴ്സ് ആയി ശ്രീ. തോമസ് മാത്യു, ശ്രീ. ഷിബു വി മാത്യു എന്നിവരെയും, MGM Vice President ശ്രീ. Reji Chandy Mathews, MGM Secretary ശ്രീമതി Asha Ebey, MGM Trustee ശ്രീ. Blessen Scariah Mammen, MGM Cultural Secretary ശ്രീ. Mathew Zakaria എന്നിവർ അംഗങ്ങളായും ഉള്ള ഒരു സബ്കമ്മിറ്റിയെയും തെരഞ്ഞെടുക്കുക ഉണ്ടായി.

ഈ പ്രോജക്ടിന്റെ ഉത്ഘാടനം നവംബർ 5-)0 തീയതി മലബാർ ഭദ്രാസനാധിപൻ അഭി. ഗീവർഗീസ് മാർ പക്കോമിയോസ് തിരുമേനി മുഖ്യാതിഥി ആയിരുന്ന MGM കുടുംബ സംഗമത്തിനോടൊപ്പം നടത്തപ്പെട്ടു. ഇതിന്റെ symboilc ആയ closing ceremony, MGM Christmas and New Year പ്രോഗ്രാമിനൊപ്പം 2025 January 3 ന് NECK യിൽ വച്ച് കൽക്കട്ട ഭദ്രാസനാധിപൻ അഭി. അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയുടെ മഹനീയ സാന്നിധ്യത്തിൽ അതി മനോഹരമായി നടത്തപ്പെട്ടു. ഈ പരിപാടിക്ക് നേതൃത്വം നൽകിയ General Convenor ശ്രീ ജോബി ജോണിനോടും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ശ്രീ തോമസ് മാത്യുവിനോടുമുള്ള അകമഴിഞ്ഞ നന്ദി അറിയിക്കുന്നതോടൊപ്പം അതിൽ സഹകരിച്ച ഏവരെയും നന്ദിയോടെ സ്മരിക്കുന്നു.

എംജിഎം അംഗങ്ങളിൽ നിന്നും മാത്രമായി KD 3854 ഈ പ്രോജെക്റ്റിലേക്ക് ലഭിച്ചു. അഗളി St. Gregorios English Medium സ്കൂളിൽ പഠിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായത്തിനായി 4,57,600 രൂപയും (KD 1659.180) തുമ്പമൺ ഭദ്രാസനത്തിൽ ഭാഗ്യസ്മരണാർഹനായ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തയുടെ നാമത്തിൽ ആരംഭിച്ച മാർ യൗസേബിയോസ് പാലിയേറ്റീവ് കെയർ സെന്റർ വഴി ഡയാലിസിസ് രോഗികൾക്ക് ഡയാലിസിസ് കിറ്റുകൾ നൽകുന്നതിനാവശ്യമായ 5 ലക്ഷം രൂപയും (KD 1816.050) നൽകാൻ സാധിച്ചുവെന്നത് MGM ന്റെ സമൂഹത്തോടുള്ള കടപ്പാടിൻറെയും സമശിഷ്ടങ്ങളോടുള്ള കരുതലിന്റേയും ഒരു ഉദാഹരണമാണ്. പ്രസ്തുത പ്രോജെക്ടിൽ നിന്നും അധികമായി ലഭിച്ച തുകയായ KD 378.77 പ്രസ്ഥാനത്തിന്റെ ചാരിറ്റി ഫണ്ടിലേക്ക് ചേർക്കുകയും ചെയ്തു.

പ്രൊജക്റ്റ് പൂർണമായും കൈകാര്യം ചെയ്ത പ്രസ്ഥാനത്തിന്റെ 2024-25 വർഷത്തെ ഭരണസമിതി അംഗങ്ങളോടുള്ള നന്ദിയും സ്നേഹവും ഹൃദയത്തിന്റെ ഭാഷയിൽ അറിയിക്കുന്നു. ഈ മഹത്തായ ഉദ്യമത്തിന് അചഞ്ചലമായ പിന്തുണയും ഉജ്ജ്വലമായ സംഭാവനകളും നൽകിയ എല്ലാ എംജിഎം കുടുംബങ്ങളെയും ദൈവം കൂടുതലായി

അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും പ്രസ്ഥാനത്തിന്റെ പേരിലുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

## ജീവകാരുണ്യ പ്രവർത്തനം

വർഷംതോറും പ്രസ്ഥാനം നടത്തി വരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 2024-25 പ്രവർത്തന വർഷത്തിൽ ചികിത്സ, വിദ്യാഭ്യാസം, ഭവന നിർമാണം, വിവാഹം എന്നി ആവശ്യങ്ങൾക്കായി ജാതിമത ഭേദമെന്യേ KD 1291.925 നൽകുകയുണ്ടായി. ചാരിറ്റി സബ് കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ച ശ്രീ. Thomas Chacko, ശ്രീ. Donny Varghese Oommen, ശ്രീ. Mathew Thomas, ശ്രീ. Shibu Jacob Chacko, ശ്രീ. Alexander George K, ശ്രീ. Ninan Thomas എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

## MGM Ladies' WhatsApp Group

MGM-ന്റെ എല്ലാ നോട്ടിഫിക്കേഷൻസും share ചെയ്യുന്നതിനായി MGM ലേഡീസിനു വേണ്ടി ഒരു ഒഫീഷ്യൽ WhatsApp group ഈ വർഷം മുതൽ നിലവിൽ വന്നു എന്ന് രേഖപ്പെടുത്തുന്നതിൽ അതിയായ സന്തോഷം ഉണ്ട്.

## HUBO പ്രോഗ്രാം

രണ്ടു വർഷം കൂടുമ്പോൾ ജനറൽ ബോഡി അപ്പ്രൂവലോടു കൂടി നടത്തേണ്ടുന്ന HUBO പ്രോഗ്രാം organize ചെയ്യുന്നതിനുള്ള കമ്മറ്റിയെ MGM Half Yearly General Body മീറ്റിംഗിൽ തെരഞ്ഞെടുക്കണമെന്ന ഒരു തീരുമാനവും ഈ വർഷം എടുക്കുകയുണ്ടായി. 2025 ലെ ഈ പരിപാടിയുടെ കൺവീനറായി ശ്രീ ജോജി P ജോണിനെ പൊതുയോഗം തിരഞ്ഞെടുത്തു.

## New Membership

2024-25 പ്രവർത്തന വർഷത്തിൽ 9 പേർക്ക് പ്രസ്ഥാനത്തിന്റെ അംഗത്വം നൽകുകയുണ്ടായി. ഇതിനായി സഹകരിച്ച എല്ലാ മാനേജിങ് കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നതിനൊപ്പം പുതിയതായി കടന്നു വന്ന എല്ലാവരെയും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ഹാർദ്ദവമായി സ്വാഗതം ചെയ്തുകൊള്ളുന്നു.

പുതിയ അംഗത്വം എടുത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| Sl. No. | NAME | MGM ID | PRAYER GROUP |
|---|---|---|---|
| 1. | Mr. Jackson Johnson Chandy | 505/J081 | St. Dionysius |
| 2. | Mr. Shiju Philip George | 504/S076 | St. Joseph |
| 3. | Mr. Sam Ebey Samuel | 506/S077 | St. Joseph |
| 4. | Mr. Sanju Jacob Ebey | 507/S078 | St. Joseph |

| | | | | |
|---|---|---|---|---|
| 5. | | Mr. Rejo Mammen Joy | 508/R036 | St. Joseph |
| 6. | | Mr. Jeemon Chandy Thomas | 511/J082 | St. Dionysius |
| 7. | | Mr. Rick Mathew Philip | 512/R112 | St. Joseph |
| 8. | | Dr. George Varkey | 510/G027 | St. Johns |
| 9. | | Mr. Deepak Pappachen | 509/D025 | St. Andrews |

## യാത്രയയപ്പ്

കുവൈറ്റിലെ സേവന കാലം പൂർത്തിയാക്കി നാട്ടിലേക്കു മടങ്ങിയ മഹാ ഇടവക അസ്സോസിയേറ്റ് വികാരി റവ. ഫാ. ലിജു K പൊന്നച്ചനും കുടുംബത്തിനും മെയ് 15-)o തീയതി സെന്റ് ബസേലിയോസ് ചാപ്പലിൽ നടന്ന പ്രാർത്ഥനാ യോഗത്തിനു ശേഷം എംജിഎം വളരെ ഊഷ്മളമായ യാത്രയയപ്പ് നൽകുകയുണ്ടായി.

അതുപോലെ കുവൈറ്റിലെ ഔദ്യോഗിക ജീവിതം പൂർത്തിയാക്കി മടങ്ങിയ പ്രസ്ഥാനത്തിലെ 8 അംഗങ്ങൾക്കും അവരുടെ കുടുംബത്തിനും യാത്രയയപ്പ് നൽകുകയുണ്ടായി.

യാത്രയയപ്പ് നൽകിയവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| Sl. No. | NAME | MGM ID | PRAYER GROUP |
|---|---|---|---|
| 1. | Mr. Jijoe George Vettimoottil | 229/J038 | St. Pauls |
| 2. | Mr. Oommen Mathew | 350/0002 | St. Gregorios |
| 3. | Mr. George Mathew | 277/G005 | St. Pauls |
| 4. | Mr. Blessen C Oommen | 344/B020 | St. Luke |
| 5. | Mr. Sunil Kuttiyil George | 253/S033 | St. George |
| 6. | Mr. Roy George | 182/R009 | St. Andrews |
| 7. | Mr. Abraham P Issac | 052/A007 | St. Johns |
| 8. | Mr. Binson John | 374/B023 | St. Gregorios |

## സ്വീകരണം

മഹാ ഇടവക സഹ വികാരിയായി റവ. ഫാ. മാത്യു തോമസ് ചുമതല ഏറ്റെടുത്തപ്പോൾ, MGM അദ്ദേഹത്തിന് വളരെ ഊഷ്മളമായ സ്വീകരണം പ്രാർത്ഥനാ യോഗത്തോടനുബന്ധിച്ചു നൽകുകയുണ്ടായി.

നടപ്പുവർഷം പ്രസ്ഥാനത്തിന്റെ ഔദ്യോഗിക പരിപാടികളിലും, പ്രാർത്ഥനയോഗങ്ങളിലും പങ്കെടുക്കുകയും അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി നമ്മെ ധന്യരാക്കുകയും ചെയ്തവരുടെ വിവരങ്ങൾ ഇപ്രകാരമാണ്:

| Sl. No. | NAME OF GUEST |
|---|---|
| 1. | H. G. Alexios Mar Eusebius |
| 2. | H. G. Geevarghese Mar Pachomios |
| 3. | Rev. Fr. Jerin John |
| 4. | Rev. Fr. Aju K Varghese |
| 5. | Rev. Fr. Jeffin Varghese |

## അനുമോദനം

പരുമല ദേവാലയത്തിൽ വച്ച് 2024 മെയ് മാസം പതിനെട്ടാം തീയതി സബ് ഡീക്കൺ ആയി സ്ഥാനമേറ്റ Brother Mathew M Philip (Febin) S/O Mr. Mathew Philip (Late) and Mrs. Lizy Varghese ന് MGM ൻറെ പാരിതോഷികം നൽകുകയും അദ്ദേഹത്തിന് എല്ലാ വിധ ഭാവുകങ്ങൾ നേരുകയും ചെയ്തു.
നടപ്പു വർഷം എംജിഎം കുടുബത്തിൽ നിന്നും ഇടവകയുടെ 2024 25 വർഷത്തെ മാനേജിങ് കമ്മിറ്റി അംഗങ്ങൾ ആയി തെരഞ്ഞെടുക്കപ്പെട്ടവരെയും, കൽക്കട്ട ഭദ്രാസന യുവജനപ്രസ്ഥാനം ജനറൽ അസംബ്ലി തിരഞ്ഞെടുപ്പിൽ കുവൈറ്റ് സോണലിൽ നിന്നും കേന്ദ്ര അസംബ്ലി അംഗമായി തിരഞ്ഞെടുക്കപെട്ട ശ്രീമതി അനു ഷെൽവിയെയും പ്രാർത്ഥനാ യോഗങ്ങളിൽ വെച്ച് അനുമോദിക്കുകയുണ്ടായി.

## വാർഷിക കണക്ക്

എംജിഎം പ്രസ്ഥാനത്തിന്റെ നടപ്പുവർഷത്തെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| Total Income | : | KD 11688.344 |
| Total Expenditure | : | KD 12602.475 |
| Deficit | : | KD 914.131 |

## അനുശോചനം

2024-25 പ്രവർത്തന വർഷത്തിൽ നമ്മളിൽ നിന്നും കർത്തൃസന്നിധിയിലേക്കു വാങ്ങിപോയ എംജിഎം അംഗങ്ങളുടെ കുടുംബാംഗങ്ങളോടുള്ള പ്രസ്ഥാനത്തിന്റെ അനുശോചനം രേഖപ്പെടുത്തുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.
നടപ്പുവർഷം കർതൃസന്നിധിയിലേക്കു ചേർക്കപ്പെട്ട എംജിഎം കുടുംബാംഗങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:
സെൻറ്. ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ വികാരിയും 1985-1988 കാലയളവിൽ MGM പ്രസ്ഥാനത്തിൻറെ പ്രസിഡന്റുമായിരുന്ന Rev. Fr. Abraham Varghese അതുപോലെ MGM പ്രസ്ഥാനത്തിൻറെ ഫൗണ്ടർ മെമ്പറും വൈസ്

പ്രസിഡന്റുമായിരുന്ന ശ്രീ S Samuel എന്നിവരുടെ ദേഹ വിയോഗത്തിൽ പ്രസ്ഥാനത്തിന്റെ അകമഴിഞ്ഞ ദുഃഖം രേഖപ്പെടുത്തുകയും അവരുടെ ആത്മാക്കൾക്ക് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

| Sl. No. | Name of Departed | Relation with MGM Member | Prayer Group |
|---|---|---|---|
| 1. | Mr. Roy Andrews | Former MGM Managing Committee Member | Ex-Kuwait |
| 2. | Mr. C Joy | Father of Mr. Anoop Joy | St. James |
| 3. | Mrs. Lissy Jose | Sister of Mr. Shaji George | St. Thomas |
| 4. | Mr. Mani Joseph Maliakal | MGM Founder member and former Managing Committee Member | St. Marys |
| 5. | Mrs. Mariyamma Johny | Sister of Mr. Thomas Thattakunnel (Former MGM Vice President) | St. Philipose |
| 6. | Mr. Varghese Chacko | Brother of Thomas E Chacko | St. Thomas |
| 7. | Mrs. Thankamma Oommen | Mother of Mr. Oommen Mathew | St. George |
| 8. | Mrs. Marykutty Philip | Mother-in-law of Dr. Ginu Philip George | St. Johns |
| 9. | Mrs. Bindu Zodi | Daughter of Mr. Thomas Cherian and | Kerala Chapter |
| | | Sister of Mr. Biju Cherian | St. Joseph |
| 10. | Mr. M. K. Mathew | Father-in-law of Mr. Jacob Zacharia | St. Joseph |
| 11. | Mrs. Saramma Abraham Pathinettil | Mother of Mr. Santhosh Issac Abraham | St. Joseph |
| 12. | Mrs. Elizabeth Philipose | Wife of Rev. Fr. P Philipose (Former vicar of St. Gregorios Indian Orthodox Maha Edavaka, Kuwait) | |
| 13. | Mr. P.C Chacko | Father-in-law of Mr. Santhosh Varghese | St. Kuriakose |
| 14. | Mrs. Annamma Idukala | Mother-in-law of Mr. K.P. Varghese (Former MGM Committee Member & Fellowship Co-Ordinator) | St. Mathews |
| 15. | Mr. P. C Varghese | Father of Mr. Rajesh P Varughese | St. Gregorios |
| 16. | Mrs. Mariamma Kurian | Mother-in-law of Mr. Mathew Thomas (MGM Nominated Committee Member 2024-25) | St. Kuriakose |
| | | Mother-in-law of Mr. Shaji Abraham | St. George |
| 17. | Mrs. Marykutty Thomas | Mother of Mr. Mathew Thomas (MGM Nominated Committee Member 2024-25) | St. Kuriakose |
| 18. | Mrs. Annamma Oommen | Mother of Mr. Abu Thomas Oommen | St. Pauls |

| | | | |
|---|---|---|---|
| 19. | Mrs. Daisy Babu | Mother-in-law of Mr. Shiju Philip | St. Joseph |
| 20. | Mrs. Lissy M Kochaippa | Mother of Mr. Thomas Mathew | St. Dionysius |
| 21. | Mr. Oommen Ninan | Father of Mr. Nobi Oommen (MGM Managing Committee Member 2024-25) | St. Luke |
| 22. | Mr. Koshy Thomas | Brother of Mr. Thomas Thattakunnel (Former MGM Vice President) | St. Philipose |
| 23. | Mr. Achankunju G | Brother of Mr. Joy N K | St. Dionysius |
| 24. | Mrs. Valsamma Eapen | Mother-in-Law of Mr. Philips Thomas (MGM Managing Committee Member 2024-25) | St. Kuriakose |
| 25. | Mrs. Annie George | Wife of Mr. Chacko Georgekutty | Kerala Chapter |
| 26. | Mrs. Lizzy Amma Baby | Sister of Mr. Joy N K | St. Dionysius |
| 27. | Mrs. Saramma Mathew | Mother-in-law of Mr. Varghese K A | St. Aprem |
| 28. | Mr. K M Varghese | Father of Mr. Anil Varghese | St. Marys |
| 29. | Mr. Prakash K G | Brother of Mr. Mathew Varghese K.G | St. Aprem |
| 30. | Mr. K C Yohannan | Father-in-law of Mr. Renne Varghese K | St. Gregorios |
| 31. | Mrs. Lissy Varghese | Mother of Mr. Biju T Varughese | St. Mark |
| 32. | Mrs. Elizebeth Sanju | Wife of Mr. Sanju Tom Thomas | St. Dionysius |
| | | Daughter-in-law of Mr. Thomas Thattakunnel (Former MGM Vice President) | St. Philipose |

## കൃതജ്ഞത

പ്രസ്ഥാനത്തിന്റെ 2024-25 പ്രവർത്തനവർഷത്തെ എല്ലാ പ്രവർത്തനങ്ങൾക്കും ആത്മീയ നേത്രത്വം നൽകുകയും വേണ്ടതായ മാർഗനിർദേശങ്ങൾ നൽകി നമ്മെ നയിക്കുകയും ചെയ്ത ഇടവക വികാരിയും, പ്രസ്ഥാനത്തിന്റെ പ്രസിഡന്റുമായ റവ. ഫാ. ഡോ. ബിജു ജോർജ് പാറക്കൽ, സഹ വികാരിമാരായ റവ. ഫാ. ലിജു കെ. പൊന്നച്ചൻ, റവ. ഫാ. മാത്യു തോമസ് എന്നിവരോടുള്ള കടപ്പാടും പ്രത്യേക നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു.
പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടതായ സഹായ സഹകരണങ്ങൾ ചെയ്തു തന്ന 2024-25 പ്രവർത്തന വർഷത്തെ മഹാ ഇടവക ഭരണസമിതിയോടും, മലങ്കര സഭാമാനേജിങ് കമ്മിറ്റി അംഗങ്ങളോടും, ഭദ്രാസന കൗൺസിൽ അംഗങ്ങളോടും, വൈസ് പ്രസിഡന്റ്

ശ്രീ റെജി ചാണ്ടി മാത്യൂസ്, ട്രഷറർ ശ്രീ ബ്ലെസ്സൺ സ്കറിയ മാമ്മൻ, ഓഡിറ്റർമാരായ ശ്രീ. ജോൺ P എബ്രഹാം, ശ്രീ. സന്തോഷ് K മാത്യു, ജോയിന്റ് സെക്രട്ടറി ശ്രീ. സജു ചെറിയാൻ, കൾച്ചറൽ സെക്രട്ടറി ശ്രീ.മാത്യു സഖറിയ, ഫെല്ലോഷിപ്പ് കോഓർഡിനേറ്റർ

ശ്രീ. ജോജി P ജോൺ, എക്സ്-ഒഫീഷ്യയോ ശ്രീ. ബിജു ഡാനിയേൽ, നോമിനേറ്റഡ് കമ്മിറ്റി അംഗങ്ങൾ, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, ലേഡി റെപ്രെസെന്ററ്റീവ്സ്, വെബ് മാസ്റ്റർ ശ്രീ. ജോബി ജോൺ, ക്വയർ മാസ്റ്റർ ശ്രീ. സുരേഷ് എലിയാസ് തോമസ്, ക്വയർ മാസ്റ്ററിന്റെ അഭാവത്തിൽ ക്വയർ കോഓർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ. ബ്ലെസ്സൺ സ്കറിയ മാമ്മൻ, എംജിഎം മെലഡീസ് അംഗങ്ങൾ എന്നിവരോടുള്ള അകമഴിഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു.
എല്ലാ കാലവും പ്രസ്ഥാനത്തിന്റെ താങ്ങും തണലുമായി നിന്നുകൊണ്ട് എല്ലാ പ്രവർത്തനങ്ങൾക്കും പ്രാർത്ഥനാപൂർവമായ സഹായ സഹകരണങ്ങൾ ചെയ്തു തരുന്ന എല്ലാ എംജിഎം അംഗങ്ങളോടും അവരുടെ കുടുംബാംഗങ്ങളോടുമുള്ള പ്രസ്ഥാനത്തിന്റെ നിസ്സീമമായ നന്ദി അറിയിക്കുന്നു.
കൂടാതെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളോട് കൂടി സഹകരിച്ച എല്ലാ നല്ലവരായ ഇടവക ജനങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

## ഉപസംഹാരം

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കയും, മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവായോടും, പരിശുദ്ധ സുന്നഹദോസിനോടും, ഇടവക മെത്രാപോലിത്ത അഭി. അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയോടുമുള്ള എംജിഎം പ്രസ്ഥാനത്തിന്റെ അചഞ്ചലമായ കൂറും ഭക്തിയും പ്രഖ്യാപിക്കുന്നു.
സർവശക്തനായ ദൈവത്തെ മഹത്വപ്പെടുത്തികൊണ്ടും, പരിശുദ്ധ ദൈവമാതാവിൻറെയും, ഇന്ത്യയുടെ കാവൽ പിതാവായ പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെയും, പ്രസ്ഥാനത്തിന്റെ കാവൽപിതാവായ പരിശുദ്ധ പരുമല തിരുമേനിയുടെയും, പരിശുദ്ധ വട്ടശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും മധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടും കരുണാസമ്പന്നനായ ദൈവത്തിൽ പ്രസ്ഥാനത്തെ ഭരമേല്പിച്ചു കൊണ്ടും ഈ റിപ്പോർട്ട് എംജിഎം പൊതുയോഗത്തിനു മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.

മാർ ഗ്രീഗോറിയോസ് മൂവ്മെന്റ് ഭരണസമിതിക്ക് വേണ്ടി,



14.05.2025

ആശ എബി
എംജിഎം സെക്രട്ടറി 2024-25

അവതാരകൻ

Saju Cherian
എംജിഎം ജോയിൻറ് സെക്രട്ടറി 2024-25